مكتب توعية الجاليات بالأحساء

مالبالم

تحت إشراف وزارة الشؤون الإسلامية و الأوقاف والدعوة و الإرشاد

# تجهيز الميت

# മയ്യിത്ത് സംസ്കരണ മുറകൾ

إعداد

الشيخ / عبدالعزيز بن أحمد العمير

ترجمة

محمد ناصر المدني

വിവർത്തനം:

എം. നാസർ മദനി



١٧١

ترجمة واصدار مكتب توعية الجاليات بالأحساء/قسم البحوث و الترجمة

مليالم

# تجهيز الميت

# മയ്യിത്ത് സംസ്കരണ മുറകൾ


إعداد

الشيخ/ عبد العزيز بن أحمد العمير

القاضي بالمحكمة الكبرى بمحافظة القطيف

الترجمة / محمد ناصر المدني

الداعية في مكتب توعية الجاليات بالأحساء

തയ്യാറാക്കിയത്:

ശൈഖ്. അബ്ദുൽ അസീസ് ബിൻ അഹ്മദ് അൽ ഉമൈർ

ജഡ്ജി: ഇസ്ലാമിക മതകാര്യ കോടതി

(അൽ ക്വത്വീഫ് പ്രവിശ്യ)

വിവർത്തനം: എം. നാസർ മദനി

ഗവേഷണ വിവർത്തന വിഭാഗം

അൽ- അഹ്സ ഇസ്ലാമിക് സെൻ്റർ.

ح المكتب التعاوني للدعوة والإرشاد وتوعية الجاليات بالأحساء ، ١٤٢٤هـ

فهرسة مكتبة الملك فهد الوطنية أثناء النشر

توعية الجاليات بالاحساء

تجهيز الميت - الأحساء ، ١٤٢٤هـ

٢٤ ص ؛ ١٢ X ١٧ سم

ردمك : ١ - ٢ - ٩٣٩٤ - ٩٩٦٠

( النص باللغة المليبارية )

١- الجنائز أ- العنوان

ديوي ٢٥٢,٩ ١٤٢٤/٥٨٤٦

رقم الايداع: ١٤٢٤/٥٨٤٦

ردمك: ١-٢-٩٣٩٤-٩٩٦٠

# تجهيز الميت

# മയ്യിത്ത് സംസ്കരണ മുറകൾ

## മയ്യിത്ത് കുളിപ്പിക്കുന്നതിന്റെ ശ്രേഷ്ഠത.

അബൂറാഫിഅ് ﷺ നിവേദനം: നബി ﷺ പറഞ്ഞിരിക്കുന്നു: "ആരെങ്കിലും ഒരു മുസ്‌ലിമിന്റെ മയ്യിത്ത് കുളിപ്പിക്കുകയും അതിന്റെ ന്യൂനതകൾ മറച്ചു വെക്കുകയും ചെയ്താൽ അവന്റെ പാപങ്ങൾ നാൽപ്പത് തവണ അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്." മറ്റൊരു റിപ്പോർട്ടിൽ "അവന്റെ മാതാവ് അവനെ പ്രസവിച്ച ദിനത്തിലെന്നപോലെ അവൻ പാപമുക്തനായിരിക്കും." എന്നുമുണ്ട്. മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം. "ആരെങ്കിലും അവനെ കഫൻ ചെയ്താൽ അന്ത്യനാളിൽ അല്ലാഹു നേരിയതും, കട്ടിയുള്ളതുമായ സ്വർഗ്ഗീയ പട്ടുവസ്ത്രങ്ങളിൽ നിന്നും അയാളെ അണിയിക്കുന്നതാണ്. ആരെങ്കിലും അവന് വേണ്ടി ക്വബ്ർ കുഴിക്കുകയും അതിൽ അവനെ മറമാടുകയും ചെയ്താൽ അതിനുള്ള പ്രതിഫലമായി അല്ലാഹു അയാൾക്കു

അന്ത്യനാളുവരെ താമസസ്ഥലത്തിനുള്ള പ്രതിഫലം നൽകുന്നതാണ്." (ഹാകിം, ബയ്ഹകി എന്നിവർ ഉദ്ധരിച്ച സ്വഹീഹായ ഹദീസ്)

തയ്യാറാക്കിയത്:

ശൈഖ്. അബ്ദുൽ അസീസ് ബിൻ അഹ്മദ് അൽ ഉമൈർ

ജഡ്ജി: ഇസ്ലാമിക മതകാര്യ കോടതി

(അൽ ഖ്വത്വീഫ് പ്രവിശ്യ)

സ്തുതി അല്ലാഹുവിനാകുന്നു. പ്രവാചകൻ മുഹമ്മദ് നബിയിൽ അല്ലാഹുവിൻെറ രക്ഷയും സമാധാനവും നിത്യവും വർഷിക്കുമാറാകട്ടെ.

നിശ്ചയം മരണം എന്നത് സംശയരഹിതമായ വിധിയാകുന്നു. മുഴുവൻ സൃഷ്ടികളിലും രേഖപ്പെടുത്തപ്പെട്ട കാര്യമത്രെ അത്. അല്ലാഹു പറയുന്നു: (إِنَّكَ مَيِّتٌ وَإِنَّهُمْ مَيِّتُونَ) (الزمر: ٣٠) (തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു.) (സൂറ: സുമർ: 30) ഒരു മുസ്ലിമിന് അല്ലാഹുവിൻെറയടുക്കൽ ബഹുമാനവും പവിത്രതയുമുണ്ട്. അതിനാൽ മനുഷ്യ ശരീരത്തിൽ നിന്ന് ആത്മാവ് വേർപിരിഞ്ഞു കഴിഞ്ഞാൽ നിർവ്വഹിക്കേണ്ട ബാധ്യതകളെ സംബന്ധിച്ച് ഇസ്ലാമിക നിയമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ ബാധ്യതകൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കേണ്ടതിൻെറ ആവശ്യകത പരിഗണിച്ച് അൽ അഹ്സ ഇസ്ലാമിക് സെൻററിലെ ബഹുമാന്യ സഹോദരങ്ങൾ 'മലക്കുൽ മൗത്ത്' റൂഹിനെ പിടിക്കാൻ വരുന്നന്നതു മുതൽ ക്വബറടക്കം വരെയുള്ള മയ്യിത്തുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിധികൾ ഉൾക്കൊള്ളുന്ന ഒരു ലഘുകൃതി

തയ്യാറാക്കിക്കൊടുക്കുവാൻ എന്നോട് ആവശ്യപ്പെടുകയു ണ്ടായി. തെളിവുകൾ നീട്ടിപ്പരത്തി പറയാതെ കർമ്മ ശാസ്ത്ര വിധികളവലംബിച്ച് കൊണ്ട് അവ സംക്ഷിപ്ത രൂപത്തിൽ തയ്യാറാക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങൾ വളരെ വിശാലമായ രൂപത്തിൽ ഈ വിഷയത്തിൽ ഉണ്ട് എന്നതാണ് അതിന് കാരണം. കാര്യങ്ങൾ വിശദമായി മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന സഹോദരങ്ങൾ പ്രസ്തുത ഗ്രന്ഥങ്ങളെ അവലംബിക്കണമെന്ന് പ്രത്യേകം ഉണർത്തുന്നു.

'മലക്കുൽ മൗത്ത്' റൂഹിനെ പിടിക്കാൻ ഇറങ്ങുന്ന സന്ദർഭത്തിൽ (അതായത് മരണം ആസന്നമാകുന്ന സന്ദർഭത്തിൽ) പ്രസ്തുത മനുഷ്യന്റെ അടുത്ത് ഹാജറു ള്ളവർക്ക് താഴെ പറയുന്ന കാര്യങ്ങൾ സുന്നത്താ കുന്നു.

1. മരണം ആസന്നമായ വ്യക്തിയുടെ തൊണ്ടക്കുഴി നനക്കുന്നതിനായി വെള്ളമോ മറ്റ് പാനീയമോ ഒഴിച്ചു കൊടുക്കുകയോ, പഞ്ഞിയോ അതുപോലുള്ളവയോ കൊണ്ട് രണ്ട് ചുണ്ടുകൾ നനച്ചു കൊടുക്കുകയോ ചെയ്യുക.

2. വളരെ നല്ല രൂപത്തിലും സാവധാനവും 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് ചൊല്ലിക്കൊടുക്കുക. ഇത് അയാൾ പറയുകയാണെങ്കിൽ ഒരു പ്രാവശ്യം ചൊല്ലിക്കൊടുത്താൽ മതി.

3. മരണം ആസന്നമായ വ്യക്തിയെ ക്വിബ്ലക്ക് അഭിമുഖമായി വലതുഭാഗം ചരിച്ച് കിടത്തുക. മുഖം ക്വിബ്ലയെ അഭിമുഖീകരിക്കുന്നതിനായി തലയുടെ ഭാഗം അൽപം ഉയർത്തി വെക്കുക.

റൂഹ് വേർപിരിഞ്ഞു കഴിഞ്ഞാൽ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യൽ സുന്നത്താകുന്നു.

1. മയ്യിത്തിൻെറ രണ്ട് കണ്ണുകളും അടക്കുക. അപ്പോൾ "ബിസ്മില്ലാഹി വഅലാ സുന്നത്തി റസൂലില്ലാഹി" എന്ന് പറയുക.

2. വായ തുറന്ന് പോകാതിരിക്കുന്നതിനും, പ്രാണികളോ മറ്റോ കടക്കാതിരിക്കാനും രണ്ട് താടിയെല്ലുകൾ ഒരു തുണിക്കഷ്ണം കൊണ്ട് തലയുടെ മുകൾ ഭാഗത്ത് കൂട്ടികെട്ടുക.

3. സന്ധിബന്ധങ്ങൾ അയവു വരുത്തുക. കുളിപ്പിക്കുന്ന സന്ദർഭത്തിൽ സൗകര്യം ലഭിക്കാനാണ് അപ്രകാരം ചെയ്യുന്നത്.

4. വയർ വീർക്കാതിരിക്കാൻ വയറിന് മുകളിൽ എന്തെങ്കിലും ഭാരം വെക്കുക

5. മയ്യിത്ത് സംസ്കരിക്കാനും മയ്യിത്തിൻെറ വസ്വിയ്യത്തുകൾ നടപ്പാക്കാനും കടങ്ങൾ വീട്ടാനും ധൃതി കാണിക്കുക.

## മയ്യിത്ത് സംസ്കരണം.

### I. മയ്യിത്തിനെ കുളിപ്പിക്കൽ:-

1. മയ്യിത്ത് കുളിപ്പിക്കുന്നതിൻെറ മതവിധികൾ അറിയുന്നയാളെ മയ്യിത്ത് കുളിപ്പിക്കാൻ തിരഞ്ഞെടുക്കുന്നതാണ് ഉത്തമം.

2. മയ്യിത്തിനെ കുളിപ്പിക്കാൻ ശുദ്ധവും അനുവദനീയമായതും, കഠിന ചൂടോ ശക്തമായ തണുപ്പോ അല്ലാത്തതുമായ വെള്ളം ആണ് തയ്യാറാക്കേണ്ടത്.

3. മയ്യിത്തിൻെറ വസ്ത്രങ്ങൾ അഴിച്ചുമാറ്റുക. മയ്യിത്തിൻെറ മുട്ടുപൊക്കിളിൻെറ ഇടയിലുള്ള ഔറത്ത്

മറക്കൽ നിർബന്ധമാകുന്നു. പത്ത് വയസ്സ് തികഞ്ഞ വരുടെ മയ്യിത്താണെങ്കിൽ മേൽ പറയപ്പെട്ട ഭാഗം മറക്കുക. ഏഴ് വയസ്സിനും പത്ത് വയസ്സിനും ഇടയിലുള്ള മയ്യിത്താണെങ്കിൽ ഗുഹ്യാവയവങ്ങൾ മാത്രമാണ് മറക്കേണ്ട ഔറത്തിന്റെ ഭാഗം. ഏഴ് വയസ്സിന് താഴെയുള്ള വരുടെ മയ്യിത്താണെങ്കിൽ പ്രത്യേകമായി ഔറത്ത് മറക്കേണ്ടതില്ല.

4. കുളിപ്പിക്കുന്നയാൾ മയ്യിത്തിന്റെ തല സാവധാനത്തിൽ ഏകദേശം മയ്യിത്ത് ഇരിക്കുന്ന രൂപത്തിൽ ഉയർത്തുക. ശേഷം മാർദ്ദവമായി വയറ് തടവുക. വയറിനകത്തുള്ള മാലിന്യങ്ങൾ പുറത്ത് പോകാനാണ് അങ്ങനെ ചെയ്യുന്നത്.

5. വയറിന് മുകളിൽ ധാരാളം വെള്ളം ഒഴിക്കുക. വയറിൽ നിന്ന് പുറത്ത് വരുന്നവയുടെ ഗന്ധം മറ്റുള്ളവർക്ക് ബുദ്ധിമുട്ടാകാതിരിക്കാൻ അവയെ തടുക്കാൻ കഴിയുന്ന എന്തെങ്കിലും സുഗന്ധ വസ്തുക്കൾ അവിടെ പുകക്കുന്നത് നല്ലതാണ്.

6. കുളിപ്പിക്കുന്നയാൾ തന്റെ കൈയ്യിൽ തുണിക്കഷ്ണം ചുറ്റി മയ്യിത്തിന്റെ വയറിൽ നിന്ന് പുറത്ത്

വരുന്നവ കഴുകി ശുദ്ധിയാക്കുക. അതു പോലെ മയ്യിത്തിൻെറ മറ്റ് ഭാഗങ്ങളിലുള്ള നജസുകളും വൃത്തിയാക്കുക.

7. കുളിപ്പിക്കുന്നയാൾ മയ്യിത്ത് കുളിപ്പിക്കുന്നു എന്ന് നിയ്യത്ത് വെക്കുക. കാരണം അത് മതം കൽപ്പിച്ച ആരാധനാപരമായ ശുദ്ധീകരണമാകുന്നു.

8. കുളിപ്പിക്കുന്നയാൾ 'ബിസ്മില്ലാഹ്' എന്ന് പറയൽ വാജിബാണ്. മറന്നു പോയാൽ അത് കൊണ്ട് തകരാറില്ല.

9. കുളിപ്പിക്കുന്നയാൾ മയ്യിത്തിൻെറ മുൻകൈകൾ മൂന്ന് പ്രാവശ്യം കഴുകുക. പിന്നെ പരിപൂർണ്ണമായി വുദുവെടുപ്പിക്കുക (അതായത് വുദുവിൻെറ ഭാഗങ്ങൾ കഴുകുക) അതിൽ വായിലും മൂക്കിലും വെള്ളം പ്രവേശിപ്പിക്കുന്നത് ഒഴിവാക്കുക. കുളിപ്പിക്കുന്നയാൾ തൻെറ തള്ളവിരൽ, ചൂണ്ടുവിരൽ എന്നിവകളിൽ തുണിചുറ്റി വെള്ളം കൊണ്ട് നനച്ച് മയ്യിത്തിൻെറ രണ്ട് ചുണ്ടുകൾക്കിടയിൽ കടത്തി അവകൊണ്ട് പല്ല് വൃത്തിയാക്കുക. തുടർന്ന് മൂക്കിൻെറ ദ്വാരങ്ങളിൽ അവ കടത്തി അവയും വൃത്തിയാക്കുക. ഇത് വുദുവിൽ വായിൽ വെള്ളം

കൊപ്ളിക്കുന്നതിനും മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നതിനും പകരമാണ്.

10. പിന്നെ കുളിപ്പിക്കുന്നയാൾ വെള്ളവും ഇലന്ത പോലുള്ള താളിയും കൂട്ടിക്കലർത്തുക. ശേഷം അതിൻെറ പതയെടുത്ത് അതുകൊണ്ട് മയ്യിത്തിൻെറ തലയും താടിയും കഴുകുക. ശേഷം മയ്യിത്തിൻെറ വലതു ഭാഗവും പിന്നീട് ഇടതുഭാഗവും കഴുകുക. തുടർന്ന് ശരീരത്തിൻെറ മുഴുവൻ ഭാഗങ്ങളിലും വെള്ളമൊലിപ്പിച്ച് കഴുകുക. ഇപ്രകാരം മൂന്ന് തവണ ആവർത്തിക്കുക.

11. മൂന്ന് തവണത്തെ കുളിപ്പിക്കലിന് ശേഷം മയ്യിത്തിൽ നിന്നും വല്ല നജസുകളും പുറത്ത് വന്നാൽ കുളിപ്പിക്കുന്നയാൾ മയ്യിത്തിൻെറ വുദുവിനെ വീണ്ടും പുതുക്കുക എന്നത് വാജിബാകുന്നു.

12. മൂന്ന് പ്രാവശ്യം കുളിപ്പിക്കുന്നതു കൊണ്ടും മയ്യിത്ത് ശുദ്ധിയാകുന്നില്ലെങ്കിൽ ശുദ്ധിയാകുന്നതു വരെ കുളിപ്പിക്കാവുന്നതാണ്. അത് ഏഴ് പ്രാവശ്യം വരെ ആകാവുന്നതാണ്.

13. കുളിപ്പിക്കുന്നയാൾ കുളിപ്പിക്കലിൻെറ അവസാനത്തിൽ കർപ്പൂരവും ഇലന്തവും ചേർത്ത വെള്ളം

ഉപയോഗിക്കൽ സുന്നത്താണ്. മുഹ്രിമായ (ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ചയാളുടെ മയ്യിത്താണെങ്കിൽ) പ്രസ്തുത സുഗന്ധങ്ങൾ ഒഴിവാക്കേണ്ടതാണ്.

14. മയ്യിത്ത് സ്ത്രീയുടേതാണെങ്കിൽ മുടിയെ മൂന്നായി ഭാഗിച്ച് മെടഞ്ഞ് വെക്കൽ സുന്നത്താണ്.

15. മുഹ്രിമല്ലാത്ത മയ്യിത്തിൻെറ മീശ വെട്ടുന്നതുകൊണ്ടോ, നീണ്ടുനിൽക്കുന്ന നഖങ്ങൾ വെട്ടുന്നതുകൊണ്ടോ, കക്ഷരോമങ്ങൾ നീക്കുന്നതുകൊണ്ടോ കുഴപ്പമില്ല. എന്നാൽ അവ മയ്യിത്തിൽനിന്ന് വേർപ്പെട്ട അവയവങ്ങളെപ്പോലെ മയ്യിത്തിനോടൊപ്പം വെക്കേണ്ടതാണ്.

## II. കഫൻ ചെയ്യുക.

1. മയ്യിത്ത് പുരുഷൻേറതാണെങ്കിൽ വെളുത്ത മൂന്ന് കോട്ടൻ തുണിയിലും, സ്ത്രീയുടെ മയ്യിത്താണെങ്കിൽ വെളുത്ത അഞ്ച് കോട്ടൻ തുണിയിലും കഫൻ ചെയ്യൽ സുന്നത്താണ്. അരയുടുപ്പ്, മക്കന, കുപ്പായം, പൊതിയാനുള്ള രണ്ട് തുണികൾ എന്നിവയാണ് സ്ത്രീയുടെ മയ്യിത്തിനുള്ള അഞ്ച് തുണികൾ.

2. പനിനീർ വെള്ളം തളിച്ചശേഷം കഫൻ പുടവകൾ സുഗന്ധങ്ങൾ കൊണ്ട് പുകക്കേണ്ടതാണ്.

3. പൊതിയാനുള്ള തുണികൾക്കിടയിൽ മയ്യിത്തിനായി പ്രത്യേകം തയ്യാർ ചെയ്ത സുഗന്ധം പുരട്ടി ഏറ്റവും വലുത് അടിയിലും മറ്റുള്ളവ അതിന് മുകളിലും എന്ന ക്രമത്തിൽ നിവർത്തി വെക്കുക.

4. തുടർന്ന് മയ്യിത്തിനെ അതിൻെറ മേൽ മലർത്തി കിടത്തുക. സുഗന്ധം പുരട്ടിയ പഞ്ഞി രണ്ടു ചന്തികൾ ക്കിടയിലായി വെച്ച് രണ്ടറ്റങ്ങളും കീറിയ ഒരു തുണി ക്കഷ്ണം കൊണ്ട് അരയിൽ നന്നായി ബന്ധിക്കുക.

5. സുഗന്ധം പുരട്ടിയ പഞ്ഞി മയ്യിത്തിൻെറ മുഖത്തിലെ തുറന്ന ഭാഗങ്ങളിൽ, രണ്ടു കണ്ണുകളിലും, മൂക്കിൻെറ ഇരു ദ്വാരങ്ങളിലും, രണ്ട് ചെവികളിലും, വായിലും, സുജൂദിൻെറ സ്ഥാനങ്ങളിലും, താടിയിലും, രണ്ട് കൈ കളിലും, നെറ്റിയിലും, മൂക്കിന്മേലും കാലിൻെറ അറ്റങ്ങ ളിലും, കാൽമുട്ടിൻെറ ഉൾവശത്തും, കക്ഷത്തിലും, പൊക്കിളിലും വെക്കുക.

6. ശേഷം കഫൻ പുടവകൾ കൊണ്ട് മയ്യിത്തിനെ പൊതിയുക. മയ്യിത്തിൻെറ ശരീരത്തോട് ചേർന്നു നിൽക്കുന്ന ഏറ്റവും മുകളിലത്തെ കഫൻ തുണിയുടെ ഇടതു ഭാഗമെടുത്ത് വലതു ഭാഗത്തേക്ക് പൊതിയുക.

തുടർന്ന് വലതുഭാഗത്തുള്ള തുണി ഇടതുവശത്തേക്കും പൊതിയുക. പിന്നെ രണ്ടാമത്തെ തുണിയും മൂന്നാമത്തെ തുണിയും അതുപോലെ പൊതിയുക.

7. പിന്നെ കഫൻ പുടവ കൂട്ടിപ്പിടിച്ച് കെട്ടുക. ക്വബറിൽ വെച്ചല്ലാതെ അതഴിക്കാൻ പാടില്ല.

## III. മയ്യിത്തിന് വേണ്ടിയുള്ള നമസ്കാരം

1. ജമാഅത്ത് നമസ്കാരങ്ങളിൽ സ്വഫ്ഫ് കെട്ടുന്നതു പോലെ ഇമാം ജനങ്ങളെ അണിയാക്കി നിർത്തുക.

2. പുരുഷൻെറ മയ്യിത്താണെങ്കിൽ തലഭാഗത്തും, സ്ത്രീ യുടേതാണെങ്കിൽ മദ്ധ്യഭാഗത്തുമാണ് ഇമാം നമസ്കാര ത്തിനായി നിൽക്കേണ്ടത്.

3. കൈകൾ ഉയർത്തി നാല് തക്ബീറുകൾ ചൊല്ലുക. ഒന്നാമത്തെ തക്ബീർ ചൊല്ലിയതിന് ശേഷം സൂറത്തുൽ ഫാത്തിഹ ഓതുക. അതിൻെറ കൂടെ മറ്റ് സൂറത്തുകളും ഓതൽ സുന്നത്താകുന്നു. പിന്നെ രണ്ടാമത്തെ തക്ബീർ ചൊല്ലിയതിന് ശേഷം അവസാനത്തെ തശഹ്ഹുദിലു ള്ളതുപോലെ മുഹമ്മദ് നബിﷺയുടെമേൽ സ്വലാത്ത് ചൊല്ലുക. പിന്നെ മൂന്നാമത്തെ തക്ബീർ ചൊല്ലി ആത്മാർത്ഥമായി മയ്യിത്തിന് വേണ്ടി പാപമോചനവും

കാരുണ്യവും ചോദിച്ച് കൊണ്ട് പ്രാർത്ഥിക്കുക. പിന്നെ നാലാമത്തെ തക്ബീർ ചൊല്ലുക. ശേഷം പ്രാർത്ഥിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രാർത്ഥിക്കുക. അല്ലെങ്കിൽ അല്പനേരം മൗനമായി നിൽക്കുക തുടർന്ന് വലതു വശത്തേക്ക് സലാം വീട്ടുക. വേണമെങ്കിൽ ഇടതു വശത്തേക്കും സലാം വീട്ടുക.

4. മയ്യിത്ത് നമസ്കാരത്തിന്റെ നാല് തക്ബീറുകൾ പ്രസിദ്ധമാണ്. അതിലാണ് ഭൂരിഭാഗം പണ്ഡിതന്മാരും യോജിച്ചത്. ഇനി നാല് തക്ബീറിനെക്കാൾ അധികരിപ്പിക്കുന്നതുകൊണ്ട് കുഴപ്പമില്ല. അഞ്ചോ, അല്ലെങ്കിൽ ആറോ, അല്ലെങ്കിൽ ഏഴോ തക്ബീറുകൾ ചൊല്ലാവുന്നതാണ്.

5. മയ്യിത്ത് നമസ്കാരം തുടങ്ങിയതിന്റെ ശേഷം വരുന്ന ഒരാൾ തക്ബീർ ചൊല്ലി ഇമാമിനോടൊപ്പം നമസ്കാരത്തിൽ പങ്കുചേരുകയും ഇമാം സലാം വീട്ടിയതിന് ശേഷം മറ്റ് നമസ്കാരങ്ങളിൽ ചെയ്യുന്നതു പോലെ നഷ്ടപ്പെട്ട തക്ബീറുകൾ അയാൾ തുടർന്ന് കൊണ്ടുവരികയും ചെയ്യേണ്ടതാണ്.

6. മയ്യിത്ത് മറമാടിയതിന് ശേഷം ക്വബ്റിനടുത്ത് വെച്ച് മയ്യിത്തിന് വേണ്ടി നമസ്കരിക്കൽ അനുവദനീയമാണ്.

7. മൂന്ന് സമയങ്ങളിൽ മയ്യിത്ത് നമസ്കാരം വിരോധിക്കപ്പെട്ടതാകുന്നു.

i. സൂര്യൻ ഉദിച്ചുയരുന്നതു മുതൽ അത് ഒരു കുന്തത്തിന്റെ അത്രയുമാകുന്നതുവരെ.

ii. നട്ടുച്ച മുതൽ സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റുന്നതുവരെ.

iii. സൂര്യാസ്തമയ സമയം തുടങ്ങി അസ്തമയം പൂർണ്ണമാകുന്നതുവരെ.

## IV. മയ്യിത്ത് നസ്കാരത്തിൽ നബിﷺയിൽ നിന്ന് സ്ഥിരപ്പെട്ടുവന്ന പ്രാർത്ഥനകൾ:

(١) اللّهُــمَّ اغْفِرْ لَهُ وَارْحَمْهُ وَعَافِهِ وَاعْفُ عَنْهُ وَأَكْرِمْ نُزُلَهُ وَوَسِّعْ مُدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الأَبْيَضَ مِــنَ الدَّنَسِ وَأَبْدِلْهُ دَاراً خَيْراً مِنْ دَارِهِ وَأَهْلاً خَيْراً مِنْ أَهْلِهِ وَزَوْجاً خَيْراً مِنْ زَوْجِهِ وَأَدْخِلْهُ الْجَنَّةَ وَأَعِذْهُ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ.

(അർത്ഥം: അല്ലാഹുവേ, അദ്ദേഹത്തിന് നീ പൊറുത്ത് കൊടുക്കുകയും, കരുണ ചെയ്യുകയും, സൗഖ്യം നൽകുകയും, മാപ്പ് കൊടുക്കുകയും ചെയ്യേണമേ. അദ്ദേഹത്തിന്റെ ആതിഥ്യം ആദര പൂർവ്വമാക്കേണമേ. അദ്ദേഹത്തിന്റെ പ്രവേശന സ്ഥലം വിശാലമാക്കേണമേ.

വെള്ളം, മഴ, ഹിമം എന്നിവ കൊണ്ട് അദ്ദേഹത്തെ കഴുകി ശുദ്ധിയാക്കേണമേ. വെള്ളവസ്ത്രം അഴുക്കിൽ നിന്ന് നീ ശുദ്ധിയാക്കിയതുപോലെ അദ്ദേഹത്തെ പാപങ്ങളിൽ നിന്ന് നീ ശുദ്ധിയാക്കേണമേ. അദ്ദേഹത്തിന്റെ ഭവനത്തേക്കാൾ ഉത്തമ ഭവനവും, കുടുംബത്തേക്കാൾ ഉത്തമ കുടുംബവും, ഇണയെക്കാൾ ഉത്തമമായ ഇണയെയും അദ്ദേഹത്തിന് നീ നൽകേണമേ. അദ്ദേഹത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ. ഖബർ ശിക്ഷയിൽ നിന്നും നരക ശിക്ഷയിൽ നിന്നും അദ്ദേഹത്തെ നീ കാത്ത് രക്ഷിക്കേണമേ.) (മുസ്ലിം, നസാഇ)

(٢) اللّهُمَّ اغْفِرْ لِحَيِّنَا وَمَيِّتِنَا وَشَاهِدِنَا وَغَائِبِنَا وَصَغِيرِنَا وَكَبِيرِنَا وَذَكَرِنَا وَأُنْثَانَا اللّهُمَّ مَنْ أَحْيَيْتَهُ مِنَّا فَأَحْيِهِ عَلَى الإِسْلاَمِ وَمَنْ تَوَفَّيْتَهُ مِنَّا فَتَوَفَّهُ عَلَى الإِيمَانِ اللّهُمَّ لاَ تَحْرِمْنَا أَجْرَهُ وَلاَ تُضِلَّنَا بَعْدَهُ.

(അർത്ഥം: "അല്ലാഹുവേ ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും, മരണപ്പെട്ടവർക്കും, ഹാജറുള്ളവർക്കും, ഹാജരില്ലാത്തവർക്കും, ഞങ്ങളിൽ വലിയവർക്കും, ചെറിയവർക്കും, പുരുഷനും, സ്ത്രീക്കും നീ പൊറുത്ത് തരേണമേ. അല്ലാഹുവേ, നീ ഞങ്ങളിൽ ആരെ ജീവിപ്പിക്കുന്നുവോ അവരെ ഇസ്ലാമിലായി ജീവിപ്പിക്കുകയും

ഞങ്ങളിൽ നിന്ന് ആരെ മരിപ്പിക്കുന്നുവോ അവരെ ഈമാനോടെ മരിപ്പിക്കുകയും ചെയ്യേണമേ. അല്ലാഹുവേ, ഇദ്ദേഹത്തിൻെറ പേരിലുള്ള പ്രതിഫലം ഞങ്ങൾക്ക് നീ നിഷേധിക്കരുതേ. ഇദ്ദേഹത്തിന് ശേഷം നീ ഞങ്ങളെ വഴി തെറ്റിക്കുകയും ചെയ്യരുതേ.) (ഇബ്നുമാജ, ബയ്ഹകി)

(٣) اللَّهُــمَّ إِنَّ فُلاَنَ بْنَ فُلاَنٍ فِي ذِمَّتِكَ وَحَبْلِ جِوَارِكَ فَقِهِ مِنْ فِتْنَةِ الْقَبْرِ وَعَذَابِ النَّارِ وَأَنْتَ أَهْلُ الْوَفَاءِ وَالْحَقِّ فَاغْفِرْ لَهُ وَارْحَمْهُ إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

(അല്ലാഹുവേ, ഇന്നയാളുടെ മകൻ ഇന്നയാൾ നിൻെറ സംരക്ഷണത്തിലും നിൻെറ അയൽപക്ക പാശത്തിലുമാണ്. അതിനാൽ നരക ശിക്ഷയിൽ നിന്നും ക്വബറിലെ പരീക്ഷണത്തിൽ നിന്നും നീ അവനെ സംരക്ഷിക്കേണമേ. നീ സത്യവും കരാറും പാലിക്കുന്നവനാകുന്നു. നീ അവന് പൊറുത്തു കൊടുക്കുകയും കരുണചൊരിയുകയും ചെയ്യേണമേ. നിശ്ചയം നീ അധികം പൊറുക്കുന്നവനും കരുണ ചെയ്യുന്നവനുമാണ്.) (അബൂദാവൂദ്, ഇബ്നുമാജ)

(٤) اللَّهُمَّ أَنْتَ رَبُّهَا وَأَنْتَ خَلَقْتَهَا وَأَنْتَ هَدَيْتَهَا لِلإِسْلَامِ وَأَنْتَ قَبَضْتَ رُوحَهَا وَأَنْتَ أَعْلَمُ بِسِرِّهَا وَعَلَانِيَتِهَا جِئْنَاكَ شُفَعَاءَ فَاغْفِرْ لَهُ [1]

(അല്ലാഹുവേ, നീയാണ് ഈ മയ്യിത്തിന്റെ രക്ഷിതാവ്. നീയാണ് ഇതിനെ സൃഷ്ടിച്ചത്. നീയാണ് ഇതിന് മാർഗ്ഗദർശനം നൽകിയത്. നീയാണ് ഇതിന്റെ ആത്മാവിനെ പിടിച്ചത്. ഇതിന്റെ രഹസ്യങ്ങളും പരസ്യങ്ങളും ഏറ്റവും നന്നായി അറിയുന്നവൻ നീയാണ്. ഞങ്ങളിതാ ഈ മയ്യിത്തിന് ശുപാർശ പറയാൻ നിന്നിലേക്ക് വന്നിരിക്കുന്നു. അതിനാൽ ഈ മയ്യിത്തിന് നീ പൊറുത്തു കൊടുക്കേണമേ.) (അബൂദാവൂദ്, അഹ്മദ്)

(٥) اللَّهُمَّ عَبْدُكَ وَابْنُ أَمَتِكَ احْتَاجَ إِلَى رَحْمَتِكَ وَأَنْتَ غَنِيٌّ عَنْ عَذَابِهِ إِنْ كَانَ مُحْسِنًا فَزِدْ فِي حَسَنَاتِهِ وَإِنْ كَانَ مُسِيئًا فَتَجَاوَزْ عَنْهُ

(അല്ലാഹുവേ, നിന്റെ ദാസനും നിന്റെ ദാസിയുടെ പുത്രനുമായവൻ ഇതാ നിന്റെ കാരുണ്യത്തിന് ഏറെ ആവശ്യമായിരിക്കുന്നു. അവനെ ശിക്ഷിക്കേണ്ട ആവശ്യമില്ലാത്തവനാണ് നീ. അവൻ നന്മ പ്രവർത്തിച്ചവനാണെങ്കിൽ അവന്റെ നന്മയെ നീ വർദ്ധിപ്പിക്കേണമേ.

---

[1] (أخرجه أبوداود وأحمد من حديث أبي هريرة وفي سنده علي ابن شماخ لم يوثقه غير ابن حبان وباقي رجاله ثقات)

അവൻ തിന്മ ചെയ്തവനാണെങ്കിൽ അത് നീ വിട്ടു മാപ്പാക്കേണമേ) (ഹാകിം)

കുട്ടിയുടെ മയ്യിത്താണെങ്കിൽ ഇപ്രകാരം പറയുക.

اَللّٰهُـمَّ اجْعَلْـهُ لَـنَا فَرَطًا وَسَلَفًا وَأَجْرًا (അല്ലാഹുവേ, ഇവനെ ഞങ്ങൾക്ക് ഒരു പൂർവ്വ സുകൃതവും മുൻഗാമിയും പ്രതി ഫലവുമാക്കേണമേ) അല്ലെങ്കിൽ മറ്റേതെങ്കിലും ദുആ നടത്തുക. ഹസൻ﷛ കുട്ടികളുടെ മയ്യിത്ത് നമസ്കാര ത്തിൽ ഫാതിഹ ഓതുകയും മേൽപറഞ്ഞ രൂപത്തിൽ ദുആ നടത്തുകയും ചെയ്തിരുന്നു. (ബുഖാരി)

## V. മറമാടൽ

1. രാത്രിയിൽ മയ്യിത്ത് മറമാടൽ അനുവദനീയമാണ്. എന്നാൽ മയ്യിത്ത് നമസ്കാരം നിഷിദ്ധമായ മൂന്ന് സമയങ്ങളിൽ മറമാടലും നിഷിദ്ധമാണ്. ആ സമയങ്ങളെ സംബന്ധിച്ച് നാം മുമ്പ് പറഞ്ഞിട്ടുണ്ട്.

2. ക്വബർ ആഴത്തിൽ നിർമ്മിക്കൽ സുന്നത്താണ്. ലഹ്ദാണ് (اللحد) ശിക്വിനേക്കാൾ (الشق) ശ്രേഷ്ഠകരം. മയ്യിത്ത് വെക്കാൻ ക്വബറിന്റെ പാർശ്വത്തിൽ ക്വിബ്‌ല യോട് അടുത്ത ഭാഗത്ത് തുരന്നുണ്ടാക്കുന്ന കുഴിയാണ്

ലഹ്ദ്. ക്വബറിൻെറ നടുവിൽ മയ്യിത്ത് വെക്കാൻ ഉണ്ടാക്കുന്ന കുഴിയാണ് ശിക്വ്. ക്വബറിലേക്ക് മയ്യിത്ത് വെക്കുമ്പോൾ بِسْــمِ اللهِ وَعَلَى مِلَّةِ رَسُولِ اللهِ എന്ന് പറയുക. ക്വിബ്ലക്ക് നേരെയായിക്കൊണ്ട് വലതുഭാഗം ചരിച്ച് മയ്യിത്തിനെ വെക്കുക. മയ്യിത്തിൻെറ മുഖം തുറന്നിടരുത്. എന്നാൽ ഹജ്ജിനോ ഉംറക്കോ വേണ്ടി ഇഹ്റാമിലായിരിക്കെ മരിച്ചവരുടെ മയ്യിത്താണെങ്കിൽ അത് ബാധകമല്ല. പിന്നെ ഇഷ്ടിക കൊണ്ടോ മറ്റോ കുഴി അടക്കുക. ക്വബർ മൂടുകയും ചെയ്യുക. ക്വബറിലേക്ക് മൂന്ന് പിടി മണൽ വാരിയിടുക. മണ്ണിട്ടുകൊണ്ട് ക്വബർ ശരിയാക്കുക. ഭൂമിയിൽ നിന്നും ഒരു ചാണിൻെറയത്ര ക്വബർ ഉയർത്തുക. ക്വബറിൻെറ മീതെ വെള്ളം തളിക്കുക.

3. ക്വബറിൻെറ മുകളിൽ എടുപ്പുകൾ ഉണ്ടാക്കുക, അതിന്മേൽ കുമ്മായമിടുക, അതിന്മേൽ ചവിട്ടുക, അതിനടുത്ത് വെച്ച് നമസ്കരിക്കുക, അതിന്മേൽ മസ്ജിദുകൾ നിർമ്മിക്കുക, അതുകൊണ്ട് ബർക്കത്തെടുക്കുക, അവ തൊട്ടുതടവുക എന്നിവയെല്ലാം നിഷിദ്ധമാണ്.

4. ക്വബറുകൾ തിരിച്ചറിയപ്പെടാൻ അതിന്മേൽ എന്തെങ്കിലും അടയാളം വെക്കൽ അനുവദനീയമാണ്. എന്നാൽ അതിൽ അക്ഷരമോ അക്കമോ ഒന്നും എഴുതിവെക്കാൻ പാടില്ല.

5. ക്വബറടക്കിയതിന് ശേഷം അതിനടുത്ത് നിന്നുകൊണ്ട് മയ്യിത്തിന് വേണ്ടി തസ്ബീത്തിനും മഗ്ഫിറത്തിനും (സ്ഥൈര്യത്തിനും പാപമോചനത്തിനും) വേണ്ടി പ്രാർത്ഥിക്കൽ മതപരമായ കാര്യമാകുന്നു.

## തഅ്സിയത്ത് അഥവാ സാന്ത്വനമറിയിക്കലിന്റെ വിധികൾ.

1. ആപത്തുകൾ വരുമ്പോൾ പതറിപ്പോകാതെ അടിയുറച്ചു നിൽക്കുകയും ക്ഷമ അവലംബിക്കുകയും ചെയ്യുക. അല്ലാഹുവിന്റെ വിധിയിൽ തൃപ്തിയടയുക.

2. മരണത്തിൽ ദുഃഖമുണ്ടാകുക, കണ്ണുനീർ വാർക്കുകയും കരയുകയും ചെയ്യുക എന്നിവ കൊണ്ട് തകരാറൊന്നുമില്ല. എന്നാൽ അലമുറയിടുക, മാറിടം വലിച്ചുകീറുക, നെഞ്ചത്തടിക്കുക, കവിളത്തടിച്ച് നിലവിളിക്കുക തുടങ്ങിയവ നിഷിദ്ധമാണ്. ഇത്തരം കാര്യങ്ങൾ ജാഹിലിയ്യത്തിലെ പ്രവർത്തനങ്ങളാകുന്നു.

3. ആപത്ത് ബാധിച്ച മുസ്‌ലിമിനെ സാന്ത്വനിപ്പിക്കൽ സുന്നത്താണ്. അയാളോട് ഇപ്രകാരം പറയുക.

أَعْظَمَ اللهُ أَجْرَكَ وَأَحْسَنَ عَزَاءَكَ وَغَفَرَ لِمَيِّتِكَ وَإِنَّ لِلهِ مَا أَخَذَ وَلَهُ مَا أَعْطَى وَكُلُّ شَيْءٍ عِنْدَهُ بِأَجَلٍ مُسَمًّى

(അല്ലാഹു നിങ്ങൾക്ക് മഹത്തായ പ്രതിഫലം നൽകട്ടെ. നിങ്ങളുടെ സാന്ത്വനം അല്ലാഹു നന്നാക്കട്ടെ. നിങ്ങളുടെ പരേതന് പൊറുത്തു കൊടുക്കുകയും ചെയ്യട്ടെ. നിശ്ചയം അല്ലാഹു എടുത്തത് അവൻേറതാണ്. അവൻ നൽകിയതും അവൻേറത് തന്നെ. എല്ലാ വസ്തുവിനും അവൻെറയടുത്ത് ഒരു നിശ്ചിത അവധിയുണ്ട്.) സാന്ത്വനമറിയിക്കപ്പെടുന്നവൻ ഇപ്രകാരം മറുപടി പറയുക.

استجاب الله دعاءك ورحمنا الله وإياك (താങ്കളുടെ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം ചെയ്യട്ടെ. നിങ്ങളെയും ഞങ്ങളെയും അല്ലാഹു അനുഗ്രഹിക്കട്ടെ.)

അല്ലാഹുവാണ് സഹായം ചൊരിയുന്നവനും നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നവനും. മുഹമ്മദ് നബിയിലും, കുടുംബാദികളിലും, സഹചരരിലും അല്ലാഹുവിൻെറ രക്ഷയും സമാധാനവും നിത്യവും വർഷിക്കുമാറാകട്ടെ.

<u>വിവർത്തനം: എം. നാസർ മദനി.</u>

[illegible]

مطبعة النرجس التجارية
NARJIS PRINTING PRESS
تلفون : ٢٣١٦٦٥٣ / ٢٣١٦٦٥٤
فاكس : ٢٣١٦٨٦٦ الرياض

# مكتب توعية الجاليات بالأحساء

تحت إشراف وزارة الشؤون الإسلامية و الأوقاف و الدعوة و الإرشاد

الهفوف : ٣١٩٨٢ ص . ب ٢٠٢٢

هاتف :٥٨٦٦٦٧٢ فاكس :٥٨٧٤٦٦٤

## AL – AHSA ISLAMIC CENTER

HOFUF P.O.BOX:2022,AL-AHSA,31982

TEL. : 5866672 – FAX : 5874664

KINGDOM OF SAUDI ARABIA



ردمك : ٩٩٦٠-٩٣٩٤-٢-١

مطبعة النرجس ت:٢٢١٦٦٥٣ ف:٢٢١٩٨٦٦